# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂൺ 1 | ദീപം 56 | നാളം 13 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കണ്ണിൽച്ചോരയില്ലാത്തത് കാട്ടുമൃഗങ്ങൾക്കോ സർക്കാരിനോ?



ഡിജോ കാപ്പൻ

തന്നെ ആക്രമിക്കാൻ വരുന്ന വ്യക്തിയെ സ്വരക്ഷയ്ക്കുവേണ്ടി കൊന്നവൻ കുറ്റവിമുക്തനാകുന്ന നാടാണ് ഭാരതം. ഇതുപോലെ വന്യ മൃഗങ്ങളുടെ സംരക്ഷണത്തിനു വേണ്ടിയും നിയമമുണ്ട്. എന്നാൽ, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിന്റെ 11-ാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പുപ്രകാരം ജീവരക്ഷയ്ക്കു വേണ്ടി മൃഗങ്ങളെ കൊല്ലാനുള്ള അവകാശവും ജന ങ്ങൾക്കുണ്ട്. അത്യന്തം ഉപദ്രവകാരികളായ മൃഗങ്ങളെ പിടിച്ചെടുത്തോ മയക്കിയോ ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവയെ കൊല്ലുന്നതിന് അനുവാദം കൊടുക്കാൻ ഉദ്യോഗ സ്ഥർക്കു നിയമംവഴി അധികാരം നൽകപ്പെട്ടിട്ടുണ്ട്. പക്ഷേ, അമിത മൃഗസ്നേഹത്തിന്റെ പേരിൽ മനുഷ്യനെ ക്കാൾ വില വന്യജീവികൾക്കു നൽകുന്ന ചെറിയ ശതമാനമാണ് കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനസമൂഹത്തെ ഭീതിയുടെ നിഴലിൽ നിറുത്തുന്നത്.

സംസ്ഥാനത്ത് വന്യജീവിയാക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം ഓരോ വർഷവും കൂടിവരുകയാണ്. 2023 മേയ് 19 ന് തീയതി കോട്ടയം കണമലയിൽ തോമസ് ആന്റണി യെയും പുറത്തേൽ ചാക്കോയെയും കൊല്ലം ജില്ലയിലെ ആയൂരിൽ സാമുവൽ വർഗീസി നെയും കാട്ടുപോത്ത് കുത്തിക്കൊന്നു. പുലർച്ചെ റബർ വെട്ടിക്കൊണ്ടിരുന്ന തോമസിനെ കുത്തി വീഴ്ത്തിയ പോത്ത് അയൽവാസിയായ ചാക്കോയെ വീടിന്റെ വരാന്തയിൽ പത്രം വായി ച്ചിരിക്കവെയാണ് ആക്രമിച്ചത്. ഇതേ ദിവസം തന്നെ വീടിനു പിന്നിലെ റബ്ബർത്തോട്ടത്തിൽ രാവിലെ എട്ടരയോടെയാണ് സാമുവലിനെ വകവരുത്തിയത്. നായാട്ടുസംഘത്തിന്റെ വെടി യേറ്റതാണ് കണമലയിൽ കാട്ടുപോത്ത് വിര ണ്ടോടി ആക്രമിക്കാൻ കാരണമെന്ന വനം വകുപ്പിന്റെ കണ്ടെത്തൽ സത്യത്തിനു നിരക്കു ന്നതല്ല. വനത്തിൽ പല സ്ഥലങ്ങളിൽ സ്ഥാപി ച്ചിരിക്കുന്ന ക്യാമറകളിൽ ഒന്നിൽപ്പോലും പോത്തിനു വെടിയേറ്റതിന്റെ ചിത്രം പതിഞ്ഞി ട്ടില്ലെന്നാണ് നാട്ടുകാർ സാക്ഷ്യപ്പെടുത്തുന്നത്.



വന്യജീവികളുടെ ആക്രമണങ്ങളിൽനിന്നു ജന ങ്ങളെ ആരു സംരക്ഷിക്കുമെന്ന ചോദ്യം ഈ മൂന്നു മരണങ്ങളോടെ കൂടുതൽ പ്രസക്തമാകുകയാണ്. അക്രമകാരികളായ വന്യജീവികളെ ആരാണു നിയ ന്ത്രിക്കേണ്ടതെന്നതു സംബന്ധിച്ച് സംസ്ഥാനസർക്കാ രിന്റെതന്നെ വനം, ആഭ്യന്തരം, റവന്യൂ വകുപ്പുകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം കണമലയിൽ വ്യക്ത മായി. ജില്ലാ മജിസ്ട്രേറ്റ് എന്ന നിലയിൽ ജന ങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന തിനായി സി.ആർ.പി.സി. 133(1) എഫ് വകുപ്പുപ്രകാരം കാട്ടുപോത്തിനെ വെടിവച്ചു കൊല്ലാൻ കോട്ടയം ജില്ലാ കളക്ടർ പൊലീസിനു നൽകിയ ഉത്തരവ് നടപ്പാ ക്കാൻ ബന്ധപ്പെട്ടവർ തയ്യാറായില്ല. വന്യമൃഗങ്ങളെവെടി വയ്ക്കാനുള്ള അധികാരം വനംവകുപ്പിനുമാത്രമാ ണെന്ന നിലപാടിലായിരുന്നു പൊലീസ്. വന്യജീവി സംരക്ഷണനിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനുമാത്രമാണ് വന്യമൃഗത്തെ വെടിവയ്ക്കാ നുള്ള ഉത്തരവിടാൻ അധികാരം എന്ന നിലപാടിൽ വനംവകുപ്പ് ഉറച്ചുനിൽക്കുകയാണ്.

വനംവകുപ്പിന്റെ 2022 ലെ കണക്കുകൾപ്രകാരം കേരളത്തിൽ 1004 സ്ഥലങ്ങൾ വന്യജീവിയാക്രമണമേ ഖലകളാണ്. കേരളത്തിലെ 35 ഫോറസ്റ്റ് ഡിവിഷനുക ളിൽ ഏറ്റവും കൂടുതൽ ആക്രമണസാധ്യതയുള്ള മേഖ ലകളാണ് നിലമ്പൂർ നോർത്ത് (94), വയനാട് സൗത്ത് (92), വയനാട് നോർത്ത്(70) എന്നിവ. തൊട്ടുപിന്നാ ലെയുണ്ട് കോട്ടയം, കോഴിക്കോട്, നെന്മാറ, തിരുവന ന്തപുരം റേഞ്ചുകൾ. 16846 കി.മീ. വനാതിർത്തിയുള്ള കേരളത്തിൽ 124 ഫോറസ്റ്റ് സ്റ്റേഷനുകളാണ് ജനങ്ങൾ ക്ക് വന്യമൃഗങ്ങളിൽനിന്നു സംരക്ഷണമൊരുക്കുന്നത്.

1993 ൽ 4840 കാട്ടുപോത്തുകളായിരുന്നു കേരളത്തി ലെ വനങ്ങളിലുണ്ടായിരുന്നതെങ്കിൽ 2011 ൽ 17860 ഉം 2022 ൽ 21952 ഉം കാട്ടുപോത്തുകൾ ഉണ്ടെന്നാണ് സർ ക്കാർ കണക്കുകൾ. 1993-2022 കാലഘട്ടത്തിൽ കാട്ടു പോത്തുകൾ മൂന്നര ഇരട്ടിയായി. ആനകളുടെ എണ്ണം ഭാരതത്തിൽ 17% വർധിച്ചപ്പോൾ 1993 ലെ കണക്കു പ്രകാരം കേരളത്തിലെ വർധന 63 ശതമാനമാണ്. 1993 ൽ 3500 കാട്ടാനകൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2017 ൽ അത് 5706 ആയി മാറി. 1993 ൽ കേരളത്തിൽ 40963 കാട്ടുപന്നികൾ ഉണ്ടായിരുന്നത് 2017 ആയപ്പോൾ രണ്ടുലക്ഷമായി വർധിച്ചു.

വന്യജീവിയാക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ എണ്ണവും കൂടുകയാണ്. അഞ്ചുവർഷത്തിനിടെ 640 പേർ കൊല്ലപ്പെട്ടെന്നാണ് വനംവകുപ്പിന്റെ കണക്ക്. 2021-22 ൽ മാത്രം 144 പേർ മരണപ്പെട്ടു. 1416 പേർക്ക് പരിക്കേറ്റു. നശിപ്പിക്കപ്പെട്ട കൃഷിയിടങ്ങളുടെ എണ്ണം 6621 ആണ്. 831 പേരുടെ വസ്തുവകകളും വീടും ഇല്ലാതായി. നഷ്ട പരിഹാരമായി ഈ സാമ്പത്തികവർഷം നൽകിയത് 3.10 കോടി മാത്രം. നഷ്ടപ്പെട്ട മനുഷ്യജീവനുകൾക്കു വിലയിടാൻ കഴിയില്ലെങ്കിലും അവരുടെ സ്വത്തിന്റെ നഷ്ടം പരിഹാരത്തുകയുടെ എത്രയോ ഇരട്ടിയാണ്.

മൃഗങ്ങൾ കാടിറങ്ങുന്നതു തടയാനാകുന്നില്ലെന്നു മാത്രമല്ല, അവയിൽനിന്നു ജനങ്ങൾക്കു സംരക്ഷണം നൽകാനും വനംവകുപ്പിനു കഴിയുന്നില്ലെന്നതാണു യാഥാർഥ്യം. തൃശൂർ പൈങ്കുളത്ത് ബൈക്കിനു മുന്നിൽ കാട്ടുപന്നി ചാടിയതിനെത്തുടർന്ന് സഹോദരങ്ങളായ കാരപ്പറമ്പിൽ രാധയ്ക്കും രാകേഷിനും പരിക്കേറ്റതും മുൻപറഞ്ഞ മൂവരും മരിച്ച ദിവസംതന്നെയായിരുന്നു. മലപ്പുറം എടക്കരയിൽ കാട്ടിൽ തേൻ ശേഖരിക്കാൻ പോയ ആദിവാസിക്കു കരടിയുടെ ആക്രമണത്തിൽ പരുക്കേറ്റത് തൊട്ടടുത്ത ദിവസമാണ്.

നാട്ടിൽ ആവശ്യത്തിനു വന്യമൃഗങ്ങൾ ഉണ്ടായി രിക്കേ, വിദേശത്തുനിന്നു പണംമുടക്കി മൃഗങ്ങളെ ഇറക്കാനും നമ്മുടെ ഭരണാധികാരികൾക്കു മടിയില്ല. ഇവയെ കൂട്ടിലിട്ടാണു വളർത്തുന്നതെന്നു വാദത്തിനു പറയാമെങ്കിലും പെറ്റുപെരുകിയാൽ തുറന്നുവിടു മെന്നതിൽ രണ്ടുപക്ഷമില്ല. ഒരു മുഗൾചക്രവർത്തി 1000 ചീറ്റകളെ വളർത്തിയിരുന്നതായി പറയപ്പെടുന്നു. എട്ടു ചീറ്റകളെ നമീബിയയിൽനിന്ന് മധ്യപ്രദേശിലെ ജവോഡ പുൽമേടുകളിലെ ക്വാറന്റീൻ അറകളിലേക്ക് പ്രധാനമന്ത്രി മോദി തന്റെ 72-ാം ജന്മദിനമായിരുന്ന 2022 സെപ്റ്റംബർ 17 ന് തുറന്നുവിട്ടിരുന്നു. അഞ്ചു വർഷംകൊണ്ട് 50 ചീറ്റകളെ ഇന്ത്യയിലെത്തിക്കാൻ പ്രൊജക്ട് ചീറ്റ ലക്ഷ്യമിടുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം കൂടിവരുന്ന കാലത്ത് ചീറ്റയ്ക്കുവേണ്ടി ഇത്രയും നികുതിപ്പണം ചെലവഴിക്കേണ്ടതുണ്ടോ എന്നു ചിന്തിക്കുന്നവരും ഭാരതത്തിലുണ്ട്.

തെരുവുനായ് ആക്രമണം രൂക്ഷമായതോടെ ജനങ്ങൾ നിയമം കൈയിലെടുക്കുന്നതു തടയാൻ പൊലീസ് നടപടി സ്വീകരിക്കണമെന്ന ഹൈക്കോ ടതി ഉത്തരവിനെത്തുടർന്ന് നായ്ക്കളെ ഉപദ്രവിക്കു ന്നതും കൊല്ലുന്നതും മൃഗങ്ങൾക്കെതിരായ ക്രൂരത തടയുന്നതിനുള്ള നിയമത്തിലെ (1960) 11-ാം വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണെന്ന് സംസ്ഥാന പൊലീസ് മേധാവി അനിൽകാന്ത് സർ ക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

വന്യജീവികൾ കാടിറങ്ങുമ്പോൾ ▶4

# മൃഗങ്ങൾ കഥാപാത്രങ്ങളാകുമ്പോൾ




മനുഷ്യന്റെ ജീവനാണോ മൃഗത്തിന്റെ ജീവനാണോ വിലയുള്ളത് എന്ന ചോദ്യത്തിനു മുമ്പിൽ മനുഷ്യരെക്കാൾ മൃഗങ്ങളാണു വലുത് എന്ന മട്ടിൽ മറുപടികൾ കിട്ടിക്കൊണ്ടിരിക്കുന്ന തികച്ചും നിഷേധാത്മകമായ ചുറ്റുപാടുകളിലാണ് നാം ജീവിച്ചുപോരുന്നത്. അരിക്കൊമ്പന്റെ ലീലാവിലാസങ്ങൾക്കു താത്കാലികവിരാമമായെങ്കിലും കാട്ടുപോത്തിന്റെ കൂർത്തകൊമ്പിൽ കോർക്കപ്പെട്ട ജീവന്റെ നിലവിളികളുടെ മുഴക്കം ഇപ്പോഴും അന്തരീക്ഷത്തിൽനിന്നു മാഞ്ഞുപോയിട്ടില്ല. വീരപരിവേഷമുള്ള അരിക്കൊമ്പന്റെ ജീവിതം അഭ്രപാളികളിലേക്കു പകർത്തപ്പെടുന്നുവെന്നാണ് അതുമായി ബന്ധപ്പെട്ട ഏറ്റവും ഒടുവിലത്തെ വാർത്ത.

മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന മൃഗങ്ങളെ സംബന്ധിച്ചുള്ള വാർത്തകൾ വരുമ്പോഴും മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ബന്ധത്തിന് മറ്റൊരു തലംകൂടിയുണ്ടെന്നും കാണാതെപോകരുത്. ആത്മബന്ധത്തിന്റെ സ്വർണനൂലിഴകളിൽ കോർക്കപ്പെട്ടിട്ടുള്ള പല സംഭവങ്ങളും ഇതോടു ചേർത്തുവയ്ക്കപ്പെടേണ്ടതായിട്ടുണ്ട്. മനുഷ്യനൊപ്പം മൃഗങ്ങളും കടന്നുവരുന്ന ചില സിനിമകളിലൂടെ ഇത്തവണ കടന്നുപോകാം.

മനുഷ്യനോട് ഏറ്റവും അടുത്ത ബന്ധം പുലർത്തുന്നതും കൂറുപുലർത്തുന്നതുമായ മൃഗമേതാണെന്നു ചോദിച്ചാൽ നായ് എന്നായിരിക്കും അതിനുള്ള മറുപടി. വീടുകളിൽ ഒരുപക്ഷേ, കൂടുതലായി പരിപാലിക്കപ്പെടുന്നതും നായതന്നെയായിരിക്കും. കാവൽമൃഗമായിക്കൂടി കണക്കാക്കപ്പെടുന്നതുകൊണ്ടാവാം നായയോടു പലർക്കും സ്നേഹക്കൂടുതലും.

അടുത്തയിടെ പാൻ ഇന്ത്യ സിനിമയായി പ്രേക്ഷകഹൃദയം കീഴടക്കിയ 777 ചാർലി എന്ന കന്നഡസിനിമ നായകനും ഒരു നായയും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയാണു പറഞ്ഞത്. നായ്പ്രേമികളല്ലാത്തവർക്കുപോലും കണ്ണീരോടെയല്ലാതെ പ്രസ്തുത ചിത്രം കണ്ടുതീർക്കാനാവുമായിരുന്നില്ല. ജീവിതത്തിൽ ആരുമില്ലാത്ത, ഫാക്ടറിത്തൊഴിലാളിയായ നായകന്റെ ജീവിതത്തിലേക്കു വളരെ അപ്രതീക്ഷിതമായും ആഗ്രഹിക്കാതെയുമാണ് ചാർലിയുടെ കടന്നുവരവ്. ചില പ്രത്യേകസാഹചര്യങ്ങളിലൂടെ നായകൻ നായയുമായി അടുക്കുകയും വിട്ടുപിരിയാനാവാത്ത വിധം സ്നേഹത്തിലാവുകയും ചെയ്യുന്നു. മലയാളത്തിൽപ്പോലും മികച്ച സാമ്പത്തികവിജയം നേടാൻ ഈ ചിത്രത്തിനു സാധിച്ചിരുന്നു. കന്നഡസിനിമയുടെ ചരിത്രത്തിലെ പണംവാരി സിനിമകളുടെ പട്ടികയിൽ അഞ്ചാം സ്ഥാനമായിരുന്നു ചാർലിക്ക്.

ചാർലിയിലേതുപോലെ നായയെ കേന്ദ്രകഥാപാത്രമാക്കി അവതരിപ്പിച്ച, അടുത്തയിടെ പ്രദർശനത്തിനെത്തിയ ഒരു മലയാളസിനിമയായിരുന്നു നെയ്മർ. സാധാരണസിനിമകളിൽ കാണുന്നതിൽനിന്നു വ്യത്യസ്തമായി ഒരു നാടൻപട്ടിയെയാണ് ട്രെയിനിങ് നല്കി ചിത്രത്തിൽ അഭിനയിപ്പിച്ചിരിക്കുന്നത്. ചാർലിയിലെന്നതുപോലെ ബന്ധങ്ങളുടെ ആർദ്രതയും ഊഷ്മളതയുംതന്നെയാണ് നെയ്മറും അവതരിപ്പിച്ചിരിക്കുന്നത്. വാലാട്ടി കാണിക്കുന്ന നായ്ക്കൾ നന്ദിയുടെകൂടി അടയാളങ്ങളാണല്ലോ.

മനുഷ്യരോടുള്ള അവയുടെ സ്നേഹവും നന്ദിയും അടുപ്പവും ഹൃദ്യമായി അവതരിപ്പിക്കാൻ പ്രസ്തുത സിനിമകൾക്കു സാധിച്ചിട്ടുണ്ട്. ഈ ചിത്രങ്ങളോടു താരതമ്യപ്പെടുത്താൻ കഴിയില്ലെങ്കിലും റിങ്മാസ്റ്റർ എന്ന ഷാഫി-ദിലീപ് കൂട്ടുകെട്ടിൽ പുറത്തിറങ്ങിയ ചിത്രത്തിലും ഒരു നായ പ്രധാന കഥാപാത്രംതന്നെയായിരുന്നു. ടേണർ ആന്റ് ഹൂച്ച്, കെ-9, വൈറ്റ് ഫാങ്, ടോപ്പ് ഡോഗ് തുടങ്ങിയ നിരവധി വിദേശഭാഷാചിത്രങ്ങളിലും മനുഷ്യനും നായയും തമ്മിലുള്ള ബന്ധം ആവിഷ്കരിച്ചിട്ടുണ്ട്.

നായ്ക്കൾമാത്രം കഥാപാത്രങ്ങളാകുന്ന ഒരു സിനിമയെക്കുറിച്ചുകൂടി പറയാം. വാലാട്ടി എന്നാണു പേര്. മലയാളസിനിമയിലെ പ്രധാന താരങ്ങളുടെ ശബ്ദത്തിലായിരിക്കും ഈ ചിത്രത്തിലെ നായ്ക്കൾ സംസാരിക്കുന്നത് എന്നതാണു പുതുമ. ഗോൾഡൻ റിട്രീവർ, കോക്കർ സ്പാനിയൽ, റോഡ് വീലർ, നാടൻ നായ എന്നീ ഇനങ്ങളിൽപെട്ട പരിശീലനം സിദ്ധിച്ച നായ്ക്കളാണു ചിത്രത്തിൽ അഭിനയിക്കുന്നത്.



എന്നും വിസ്മയം ജനിപ്പിക്കുന്ന മൃഗമാണ് ആന. കടൽപോലെ എത്ര കണ്ടാലും മതിവരാത്ത എന്തോ ഒരു ഭംഗിയും ആകർഷണീയതയും ആനയ്ക്കുണ്ട്. ആനയെ കേന്ദ്രകഥാപാത്രമാക്കിയുള്ള ചില മലയാളസിനിമകളുമുണ്ട്.

ബേബി ശാലിനി മുഖ്യകഥാപാത്രത്തെ അവതരിപ്പിച്ച ആനയ്ക്കൊരുമ്മ എന്ന സിനിമയാണ് അതിലൊന്ന്. 1985 ലാണ് ആനയ്ക്കൊരുമ്മ ഇറങ്ങിയത്. തൊട്ടടുത്ത വർഷം പ്രദർശനത്തിനെത്തിയ അടിവേരുകൾ എന്ന മോഹൻലാൽ ചിത്രത്തിൽ നായകനൊപ്പം ഒരു ആനയുണ്ടായിരുന്നു. രണ്ടു ചിത്രങ്ങളിലെയും ആനയെ പ്രേക്ഷകർ നിറഞ്ഞ മനസ്സോടെയാണു സ്വീകരിച്ചതും.

വിശ്വനാഥിന് അച്ഛൻ പിറന്നാളിനു സമ്മാനമായി നല്കിയത് ഒരു ആനക്കുട്ടിയെയായിരുന്നു. അപ്പു എന്ന് ആനയ്ക്കു പേരിട്ട് വിശ്വം അവനെ ഓമനിച്ചു. വർഷങ്ങളോളം നീളുന്ന ആത്മബന്ധത്തിന്റെ തുടക്കമായിരുന്നു അത്. എന്നാൽ, അതേ ആന വിശ്വത്തിന്റെ ജീവിതത്തിൽ പിന്നീട് പ്രശ്നകാരണമായി മാറുന്നു. വിശ്വത്തിന്റെ ജീവിതം താൻമൂലം തകരരുതെന്ന് ആഗ്രഹിക്കുന്ന അപ്പു നാടുവിട്ട് സ്വമേധയാ വനത്തിലേക്കു ചേക്കേറുന്നു. 1997 ൽ പുറത്തിറങ്ങിയ സുന്ദർദാസ് ചിത്രമായ സമ്മാനത്തിന്റെ കഥയാണ് ഇത്. ആനയും നായകനുമായിട്ടുള്ള വൈകാരികബന്ധം വിജയപ്രദമായ രീതിയിൽ അവതരിപ്പിക്കാൻ ഈ സിനിമയ്ക്കും സാധിച്ചിട്ടുണ്ട്.

രണ്ടുവർഷത്തിനുശേഷം ആനയുമായി ഒരു ഹിറ്റ് സിനിമയെത്തി. ജയറാമിന്റെ പട്ടാഭിഷേകം. കല്യാണി എന്ന പേരുള്ള ആനയും പെൺകുട്ടിയും നായകന്റെ ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളും സംഭവവികാസങ്ങളും ഫലിതരൂപേണയായിരുന്നു ചിത്രത്തിൽ അവതരിപ്പിച്ചത്. എന്നാൽ, ഇതിനെക്കാളെല്ലാം പഴയൊരു ആനസിനിമയുണ്ട്. ആന വളർത്തിയ വാനമ്പാടി എന്നാണു പേര്. 1959 ലാണ് ഈ സിനിമ പ്രദർശനത്തിനെത്തിയത്.

വിമാനാപകടത്തിൽനിന്ന് അത്യദ്ഭുതകരമായി രക്ഷപ്പെട്ട ഒരു പിഞ്ചുകുഞ്ഞ് വന്നുവീഴുന്നത് കാട്ടിലാണ്. ആ കുഞ്ഞിനെ ആനയെടുത്തുകൊണ്ടുപോയി തന്റെ യജമാനനെ ഏല്പിക്കുന്നു. പിന്നീട് ആ കുട്ടി കാട്ടിൽ വളരുന്നു. നീലാ പ്രൊഡക്ഷന്റെ ബാനറിൽ പി. സുബ്രഹ്മണ്യം നിർമിച്ച ചിത്രത്തിന്റെ കഥ ഇങ്ങനെപോകുന്നു.

മേരിക്കുണ്ടൊരു കുഞ്ഞാട് എന്ന പേരിൽ സിനിമയുണ്ടെങ്കിലും ചിത്രത്തിന് ആടുമായി പുലബന്ധംപോലുമില്ല എന്നതാണു വാസ്തവം. എന്നാൽ, ആട് പ്രധാനകഥാപാത്രമായി വരുന്ന ഒരു സിനിമയുണ്ട്. ജയസൂര്യ ഷാജിപ്പാപ്പനായി കസറിയ ആ ചിത്രത്തിന്റെ പേര് ആട് ഒരു ഭീകരജീവിയാണ്. വടംവലിമത്സരത്തിൽ ഷാജിപ്പാപ്പനും കൂട്ടർക്കും കിട്ടിയ ആട് അവരുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന വയ്യാവേലികളിലൂടെയാണ് സിനിമ മുന്നോട്ടുപോകുന്നത്.

ആടും ആനയും പട്ടിയും സിനിമകളിൽ കടന്നുവരുമ്പോൾ പുലി കേന്ദ്രകഥാപാത്രമായുള്ള ഒരു സിനിമയെക്കുറിച്ചുകൂടി പറയേണ്ടതുണ്ട്. മലയാളത്തിൽ ആദ്യമായി കോടി ക്ലബിൽ ഇടംപിടിച്ച പുലിമുരുകൻ എന്ന മോഹൻലാൽ സിനിമയാണ് അത്. മുൻസൂചിപ്പിച്ച സിനിമകളിൽനിന്നെല്ലാം വ്യത്യസ്തമായി പ്രതിനായകന്മാരായ മനുഷ്യർക്കൊപ്പം ഇടംപിടിച്ച കഥാപാത്രമായിട്ടാണ് പുലിയെ അവതരിപ്പിച്ചിരിക്കുന്നത്.

തന്റെ അച്ഛനെ ഇല്ലാതാക്കിയ പുലിയോടുള്ള പ്രതികാരവുമായി വളർന്നുവരുന്ന മുരുകന്റെ ജീവിതവും ഒടുവിൽ പുലിയെ കീഴടക്കിയ അയാളുടെ വിജയവുമാണ് പ്രസ്തുത ചിത്രം പറഞ്ഞത്. പുലിയെക്കുറിച്ചു പറയുമ്പോൾ കരടിയായി വേഷം കെട്ടി അഭിനയിക്കേണ്ടിവന്ന മനുഷ്യന്റെ കഥ പറഞ്ഞ മൈ ഡിയർ കരടിയും പരാമർശവിധേയമാകേണ്ടതുണ്ട്. 1999 ലാണ് ഈ ചിത്രം പ്രദർശനത്തിനെത്തിയത്. കലാഭവൻ മണിയായിരുന്നു കരടിയായി എത്തിയത്.

പുലിമുരുകനിൽനിന്ന് അമ്പേ വ്യത്യസ്തമായ ഒരു ചിത്രമുണ്ട്. ലൈഫ് ഓഫ് പൈ. വില്ലനല്ല നായകസ്ഥാനമോ നായകപരിവേഷമോ ഉള്ള കടുവയാണ് ഇതിലെ കേന്ദ്രകഥാപാത്രം. കപ്പൽച്ചേതത്തിൽനിന്നു രക്ഷപ്പെട്ടവരിൽ അവശേഷിച്ച പൈ എന്ന പതിനാറുകാരനും റിച്ചാർഡ് പാർക്കർ എന്ന കടുവയും നടത്തുന്ന അതിജീവനത്തിന്റെ കഥയാണ് ഈ സിനിമ പറയുന്നത്. ജീവൻ രക്ഷിക്കാനായി മനുഷ്യർ നടത്തുന്ന പോരാട്ടത്തിന്റെ പ്രചോദനാത്മകമായ കഥയാണ് ഇവിടെ വിവരിക്കപ്പെടുന്നത്. കടുവ തന്റെ ജീവനെടുക്കാതിരിക്കാനായി അതിന്റേമേൽ അധീശത്വം പുലർത്തുകയും കടുവയെ തന്റെ വരുതിയിൽ നിർത്താനായി പരിശീലിപ്പിക്കുകയുമാണ് പൈ.

മൃഗങ്ങൾ കഥാപാത്രങ്ങളായി വരുന്ന സിനിമകളിലൂടെ കടന്നുപോകുമ്പോൾ നമ്മെ അദ്ഭുതപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. മൃഗങ്ങളുടെ അഭിനയം. അവരെ അഭിനയിപ്പിച്ചെടുക്കാൻ ചലച്ചിത്രപ്രവർത്തകരെടുക്കുന്ന കഠിനാധ്വാനവും ശ്രമവും. ക്യാമറയ്ക്കുമുമ്പിൽ മനുഷ്യർക്കുപോലും പിഴവുകൾ സംഭവിക്കുമ്പോൾ ഈ മൃഗങ്ങളെങ്ങനെ അഭിനയിക്കുന്നു, അവരെക്കൊണ്ട് അഭിനയിപ്പിക്കുന്നു? അമ്പോ ഭയങ്കരംതന്നെ.

■

കഥ



വിജയകുമാരി ചാക്കോ

# ജനറേഷൻ ഗ്യാപ്

രമ ഇപ്പോൾ പണ്ടത്തെപ്പോലെ തുണികൾ തയ്ക്കാറില്ല. അതിനു കാരണങ്ങൾ പലതാണ്. ഒന്നാമതായി, അതിപ്പോൾ അത്ര അത്യാവശ്യമുള്ള കാര്യമല്ല. ഒരിക്കൽ കുടുംബത്തെ താങ്ങി നിർത്തിയത് ഈ തൊഴിലാണെങ്കിലും പ്രകാശ് ദീർഘനാളത്തെ ആശുപത്രിവാസത്തിനുശേഷം വീട്ടിലെത്തിയത് നടക്കാൻ തെല്ലും ശേഷിയില്ലാതെയാണ്. വന്നിടിച്ച ബൈക്കോടിച്ച പയ്യന്റെ നോട്ടപ്പിശകോ പ്രകാശിന്റെ അശ്രദ്ധയോ എന്താണ് ഈ സ്ഥിതിയിലെത്തിച്ചതെന്നറിയില്ല. പലരും പലതും പറഞ്ഞു. ഒരിക്കലുമദ്ദേഹത്തോടു ചോദിക്കാൻ മെനക്കെട്ടില്ല. ഇനിയെന്ത് എന്ന ചോദ്യചിഹ്നവുമായി നോക്കിയവരുടെ നടുവിലേക്കാണ് തയ്യൽ മെഷീനുമായിറങ്ങിയത്. ആദ്യമൊരു തയ്യൽക്കടയിൽ ജോലിക്കുപോയി. തയ്ക്കാൻ നല്ല വിരുതുകാണിച്ചതുകൊണ്ട് പണി വീട്ടിലേക്കും നീണ്ടു. രാത്രിയിൽ ഉറക്കമുപേക്ഷിച്ചും പണി പൂർത്തിയാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നിട്ടും പ്രകാശിന്റെ ചികിത്സയ്ക്കും മക്കളുടെ പഠിപ്പിനുമൊന്നും പണം തികയാത്ത അവസ്ഥ.

രണ്ടും കല്പിച്ചാണ് ഒരു ചെറിയ തയ്യൽക്കട തുടങ്ങിയത്. കഠിനാധ്വാനത്തിന്റെ നാളുകൾ. ലോണിന്റെ തവണകളെക്കുറിച്ച് പേടിസ്വപ്നം കണ്ട രാവുകൾ. 'വാടക, മരുന്ന് ഇങ്ങനെ നീളുന്ന' ആവശ്യങ്ങൾ. പിന്നീട് കസ്റ്റമേഴ്സ് കൂടി വന്നു. അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ജോലി ചെയ്യാൻ ശ്രദ്ധിച്ചു. കൃത്യത എല്ലാക്കാര്യത്തിലും പാലിച്ചു. കൂടുതൽ ജോലിക്കാരെ വച്ചു. വരുമാനം കൂടി. സ്വന്തമായി കട, വാഹനം. അങ്ങനെ പതുക്കെപ്പതുക്കെ ജീവിതം സ്വസ്ഥമായി. പ്രകാശ് അപ്പോഴേക്കും വീണ്ടും പിച്ചവച്ചു നടന്നുതുടങ്ങി.

അരുണിനു ജോലിയായപ്പോൾ മുതൽ, 'നീ ഇനിയല്പം വിശ്രമിക്കൂ' എന്നെല്ലാവരും പറഞ്ഞുതുടങ്ങി.

ഒരു കാലത്ത് തണൽതന്ന വൻമരമാണിതെന്ന മട്ടിൽ പൂർണമായി കൈവിടാൻ മനസ്സു സമ്മതിക്കുന്നില്ല. എണ്ണയിട്ട യന്ത്രംപോലെ ശരീരവും മനസ്സും കടയിൽ ചെന്നാൽ നിർത്താതെ ഓടിക്കൊള്ളും. മുട്ടുവേദന കുറച്ചു പ്രശ്നങ്ങളുണ്ടാക്കിത്തുടങ്ങിയപ്പോൾ തയ്യൽ കുറച്ചു. വസ്ത്രത്തിൽ തന്റെ കൈയൊപ്പു വേണമെന്നുള്ളവരെമാത്രം പരിഗണിച്ചുതുടങ്ങി. അങ്ങനെ പതിയെ ആ അധ്യായം അവസാനിച്ചു.

മക്കളൊക്കെ കൂടുവിട്ടു കൂടുമാറിയപ്പോഴാണ് വീണ്ടുമാ ആഗ്രഹം തല പൊക്കിയത്. "പ്രകാശേട്ടാ, എനിക്കൊരൈഡിയ. എന്റെ പഴയ തയ്യൽ മെഷീന്, ഒരു മോട്ടോർ വാങ്ങണം. ഇപ്പോൾ കാലിന് ആയാസമില്ലാതെ തയ്ക്കാൻ സഹായിക്കുന്ന നല്ല മോട്ടറുകളുണ്ട്. ഒരെണ്ണം വാങ്ങിയാൽ... "നിനക്കിനിയും അതിന്റെ ആവശ്യമെന്താ?'' പ്രകാശൻ രമയെ പറഞ്ഞവസാനിപ്പിക്കാൻ അനുവദിച്ചില്ല.

"നോക്കൂ ചേട്ടാ, നമ്മുടെ സ്വന്തം ആവശ്യത്തിനാണ്. റീനുവിന്റെ മക്കളുടെ ഉടുപ്പൊക്കെ പാകമല്ലാത്തതാണ്. അവൾക്ക്



എന്നും തിരക്കാണ്. ഡോക്ടറെന്നു പറഞ്ഞിട്ടെന്താ. മക്കളെ നോക്കാൻ നേരമില്ല." രമ പരിതപിച്ചുകൊണ്ടു തുടർന്നു.

"എനിക്കൊരു ആയിരത്തിഅഞ്ഞൂറു രൂപ തരൂ. ഞാൻ കടയിൽ പോയി ഒന്നു നോക്കട്ടെ. ഓൺലൈനിൽ വിലക്കുറവുണ്ടത്രേ. പക്ഷേ, കിട്ടുന്നതു നല്ലതല്ലെങ്കിൽ പിന്നെ ചടങ്ങാ... അതൊന്നും നമ്മളെക്കൊണ്ടുപറ്റില്ല."

പിറ്റേദിവസം കൂട്ടുകാരി സുനിതയെയുംകൂട്ടിയാണ് കടയിൽപോയത്. മുമ്പ് മിക്കവാറും സന്ദർശിക്കാറുള്ള സ്ഥലം. ആകപ്പാടെ മാറിയിരിക്കുന്നു. തയ്യൽമെഷീനുകളുടെ നിരവധി കളക്ഷൻസ്. ആക്സസറീസ് ഒക്കെ എത്ര പുതുമയിലാണ്!

രമയുടെ ആവശ്യം കേട്ട സെയിൽസ്മാൻ മോട്ടോറുകൾ കാണിച്ചു. ആയിരത്തിയഞ്ഞൂറു രൂപയ്ക്കു മുകളിലേക്ക്. മൂവായിരംവരെയൊക്കെ പോകും. അത്രയ്ക്കു വേണോ? രമ പലവട്ടം ആലോചിച്ചു. വീട്ടിൽ മാറ്റിവച്ചിരിക്കുന്ന പഴയ മോട്ടോർ പ്രവർത്തിക്കില്ല എന്നാരു കണ്ടു. ഒരുപക്ഷേ, നന്നാക്കാൻ പറ്റിയാലോ. വെറുതെ പൈസ കളയണ്ട. അവർ പതിയെ കടയിൽ നിന്നു പിൻവാങ്ങി. ''വല്യമ്മ എന്താ ഇവിടെ?" ധ്യാൻ കുട്ടനാണല്ലോ... രവിയുടെ മകനാണെന്ന് സുനിതയെ പരിചയപ്പെടുത്തി.

"ഞാനൊരു സൈക്കിൾ വാങ്ങാൻ വന്നതാ.'' അവൻ പറഞ്ഞു.

"അപ്പൂപ്പൻ കഴിഞ്ഞ പിറന്നാളിനു വാങ്ങിത്തന്നതല്ലേ. പിന്നെന്തിനാ പുതിയത്?"

"അത് വല്യമ്മേ, വലിയ പാടുപിടിച്ച സാധനമാ... ചവിട്ടിച്ചവിട്ടി മനുഷ്യന്റെ ജീവിതം പോകും. ട്യൂഷനൊക്കെ പോകണ്ടേ. ഒരു ഗീയർ സൈക്കിൾ വാങ്ങിക്കാനാ." ധ്യാനിനു നല്ല തടിയുണ്ട്. സൈക്കിൾ ചവിട്ടിയാൽ പയ്യനു നല്ലതാണ്, വ്യായാമവുമാവുമെന്ന പ്രകാശിന്റെ അഭിപ്രായം അവളോർത്തു. അപ്പോഴേക്കും അവനും കൂട്ടുകാരനും കടയിലേക്കു കടന്നുകഴിഞ്ഞു. പ്ലസ്‌വണ്ണിന് അവന്റെയൊപ്പം പഠിക്കുന്നവനാണ് ആ കുട്ടിയും.

'ഷോക്ക് അബ്സോർബർ, ഷെമാനോഗിയർ സിസ്റ്റം, അലോയി വീൽ, ലൈറ്റ് വെയിറ്റ് ഫ്രെയിം തുടങ്ങിയ വാക്കുകളൊക്കെ രമയ്ക്കു പുതിയതെങ്കിലും സെയിൽസ്മാന് ഉത്സാഹമായി.

ഒരു സൈക്കിൾ തിരഞ്ഞെടുക്കാൻ അവർക്ക് അത്ര സമയമൊന്നും വേണ്ടിവന്നില്ല. ഇരുപത്തിയയ്യായിരം രൂപയ്ക്ക് കച്ചവടം നടത്തി.

"പോട്ടെ വല്യമ്മേ" എന്നു പറഞ്ഞു പാഞ്ഞുപോയ കുട്ടികളെ നോക്കി അവർ നിന്നു.

■

---



ടി.പി. ശാസ്തമംഗലം

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# പാളിപ്പോയ ഗൃഹാതുരത്വം

കല്പനകൾ നെയ്തെടുക്കാനുള്ള സ്വാതന്ത്ര്യം കവികൾക്കുണ്ട്. പക്ഷേ, അത് ഔചിത്യത്തിനു നിരക്കുന്നതായിരിക്കണം. അങ്ങനെയല്ലാതെ വരുന്നത് ശുദ്ധ അസംബന്ധമായിരിക്കും. ജന്മനാതന്നെ കവിത്വസിദ്ധി കൈവന്നവർക്കു മാത്രമേ ഭാവനകൊണ്ട് ആസ്വാദകരെ വിസ്മയിപ്പിക്കാനാവൂ. വിനയത്തോടെ പറയട്ടെ, ബി.കെ. ഹരിനാരായണൻ എഴുതിത്തെളിഞ്ഞ ഒരു കവിയല്ല; മികച്ച ഗാനരചയിതാവുപോലുമല്ല. അപ്പോൾ എന്തെഴുതിയാലും അതിൽ കൃത്രിമത്വം കടന്നുകൂടും. 'മഹേഷും മാരുതിയും' എന്ന ചിത്രത്തിലെ ഈ ഗാനം ശ്രദ്ധിച്ചാൽ ഇപ്പറഞ്ഞതിന്റെയൊക്കെ പൊരുൾ മാന്യവായനക്കാർക്കു പിടികിട്ടും.

"നാലുമണിപ്പൂവുകണക്കെ
വിരിഞ്ഞൊരു കണ്ണ്
ഞാനെഴുതും ചിത്രത്തിൽ
നീ നല്ലൊരു പെണ്ണ്
മോഹമഷിത്തുള്ളി
കുടഞ്ഞ് നെഞ്ചിൽ നീയ്
ചെറുതോണിപ്പാതയിലൂടെ
പായുന്നെന്നുള്ള്" (സംഗീതം - കേദാർ; ആലാപനം - കെ.എസ്. ഹരിശങ്കർ)

നമുക്കെല്ലാം വളരെ പരിചിതമായ ഒന്നാണ് നാലുമണിച്ചെടി. നിക്ടാജിനേസി സസ്യകുടുംബത്തിൽപ്പെടുന്ന ഔഷധിയാണിത്. ചെമപ്പ്, പർപ്പിൾ, മഞ്ഞ, നീല തുടങ്ങിയ നിറങ്ങളിലുള്ള പുഷ്പങ്ങളാണ് ഇവയുടേത്. നാലുമണിപ്പൂവുകണക്കെ വിരിഞ്ഞ കണ്ണാണ് നായികയുടേതെന്നു പറയാൻ ഭാവനാദാരിദ്ര്യം അനുഭവിക്കുന്ന ഒരാൾക്കേ കഴിയൂ. കുട്ടികളുടെ ചിത്രരചനാമത്സരത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ഗാനം ആരംഭിക്കുന്നത്. അതുകൊണ്ടാവാം 'ഞാനെഴുതും ചിത്രത്തിൽ നീ നല്ലൊരു പെണ്ണ്' എന്ന സാധാരണവരി കടന്നുവന്നത്. നായകന്റെ നെഞ്ചിൽ നായിക മോഹമഷിത്തുള്ളി കുടഞ്ഞത്രേ. ഈ ഭാവനയ്ക്ക് ഇത്തിരി ചന്തമൊക്കെയുണ്ട്. എന്നാൽ, തൊട്ടടുത്ത വരിയിലെ 'ചെറുതോണിപ്പാത' അവന്റെ ഉള്ളുപായാൻവേണ്ടി രചയിതാവ് ഒരുക്കിക്കൊടുത്തതാണെങ്കിലും കല്ലുകടിയായി മാറുന്നു.

"ചങ്ങാത്തമാകും നെല്ലിക്ക
നമ്മൾ
കല്ലുപ്പു ചേർത്തേ തിന്നൊരു
കാലം
മനച്ചോറ്റുപാത്രത്തിൽ അന്നേ
മുതൽ
മഴത്തുള്ളിയായ് നിന്നെ
കാത്തില്ലേ ഞാൻ
കളിമുറ്റങ്ങളിൽ ചിരിക്കൂടാകു
വാൻ
ഒരു പൂമ്പാറ്റയായ് ചാരെ നീ."

നായകന്റെ ഓർമകളാണ് ഈ ഗാനത്തിൽ മുഖ്യമായും അനാവൃതമാകുന്നത്. പറയുന്നതു പലതും പ്രതീകാത്മകമായിട്ടാണ്. എങ്കിലും, പാടുന്ന വരികളിലെ സംഭവങ്ങൾ പുനരാവിഷ്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. നെല്ലിക്ക തിന്നുന്നതും മഴ പെയ്യുന്നതുമൊക്കെ അങ്ങനെ പ്രേക്ഷകർക്ക് കാണാനാവുന്നു. മനച്ചോറ്റുപാത്രത്തെക്കുറിച്ചാണ് ഗാനത്തിൽ പരാമർശമെങ്കിലും മുമ്പു കുട്ടികൾ കൊണ്ടുപോയിരുന്ന സ്റ്റീൽ ചോറ്റുപാത്രം നാം വെള്ളിത്തിരയിൽ കാണുന്നു. അങ്ങനെയുള്ള ചോറ്റുപാത്രത്തിൽ (മനച്ചോറ്റുപാത്രം എന്നുതന്നെയിരുന്നോട്ടെ) മഴത്തുള്ളിയായി നായികയെ കാത്തതിന്റെ പൊരുളാണ് എനിക്കു പിടികിട്ടാഞ്ഞത്.

"ചില്ലിന്റെ ഗോലി പോലന്നു
ലോകം
കൺമുന്നിലാകെ മിന്നുന്ന
കാലം
ഇളംതേൻ നിലാവിന്റെ
മിട്ടായികൾ
നുണഞ്ഞെത്ര പോയില്ലേ നാം
വെയിൽ ചായുന്നൊരാ
വയലോരങ്ങളിൽ
കതിർപാട്ടെന്നപോൽ
ചുണ്ടിൽ നീ."

ഈ പാട്ടെഴുതിയ ആളിന്റെ ലക്ഷ്യം നല്ലത്. പക്ഷേ, അതു ഫലവത്തായില്ല എന്നു ഖേദത്തോടെ പറയേണ്ടിയിരിക്കുന്നു. ചില്ലിന്റെ ഗോലിയും മിട്ടായിയും മറ്റും ഗൃഹാതുരത്വമുണർത്താൻവേണ്ടിയാണ് രചയിതാവ് ഗാനത്തിൽ കൊണ്ടുവന്നത്. എന്നാൽ, അവയെ അത്തരത്തിൽ പ്രയോജനപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പച്ചക്കറി വെറുതെ അരിഞ്ഞു കൂട്ടിയാൽ രുചിയേറിയ വിഭവമാകുമോ? ഇല്ലല്ലോ. അതുപോലെയാണ് ഈ ഗാനത്തിന്റെയും സ്ഥിതി. ആസ്വാദനത്തിന്റെ നാവിൽവച്ചു രുചിച്ചുനോക്കിയിട്ട് ഒന്നും അത്രപോരാ. ഗായകൻ പല വാക്കുകളുടെയും അവസാനത്തെ അക്ഷരം അറിഞ്ഞോ അറിയാതെയോ വിഴുങ്ങിക്കളഞ്ഞു. കൂട്ടത്തിൽ സംഗീതമാണ് സ്വല്പം ഭേദം. പുതിയ ഗാനങ്ങളുടെ രീതി പിന്തുടർന്ന് അപചയത്തിലേക്കു പതിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരിക്കുന്നു. അത്രയും ആശ്വാസം!

■



നോവൽ 31

ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്ത അംഗമാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ റ്റീച്ചറായി ജോലി കിട്ടി. സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അതു പ്രണയമാണെന്നു തെറ്റിദ്ധരിച്ച് ആനന്ദൻ അവളെ പിരിച്ചുവിട്ടു. പിന്നീട് ചതിയിൽപ്പെടുത്തി അപമാനിച്ചു നാടുകടത്തി. അമേരിക്കയിൽ പോയിരുന്ന അഭിഷേക് തിരിച്ചെത്തിയപ്പോഴാണ് കാര്യങ്ങൾ അറിഞ്ഞത്. അയാൾ ഇന്ദുവിനെ അന്വേഷിച്ചിറങ്ങി. തിരുവല്ലയിൽ വൈദികർ നടത്തുന്ന അനാഥമന്ദിരത്തിൽ അവിടുത്തെ കുഞ്ഞുങ്ങളെ നോക്കി ഇന്ദു കഴിയുന്നുവെന്ന് വിവരം കിട്ടി. അഭിഷേക് പോയി കണ്ടു. നാട്ടിലേക്കു വരാൻ ഇന്ദു കൂട്ടാക്കിയില്ല. ഇതിനിടയിൽ ആനന്ദൻ ഒരപകടത്തിൽ നടുവൊടിഞ്ഞ് ആശുപത്രിയിലായി. ചെയ്തുപോയ തെറ്റുകളിൽ പശ്ചാത്താപം തോന്നിയ ആനന്ദൻ ഇന്ദുവിനെ വിളിച്ചു വരുത്തി മാപ്പുചോദിച്ചു. വൈകാതെ ആനന്ദന് എണീറ്റു നടക്കാമെന്ന സ്ഥിതിയായി. അഭിഷേകിന്റെ ഭാര്യയായി ഇന്ദു തന്റെ വീട്ടിൽ വന്നിരുന്നെങ്കിൽ എന്ന് ആനന്ദൻ ആഗ്രഹിച്ചു. ഓർഫനേജിന്റെ ചുമതലയുള്ള മണപ്പള്ളിയച്ചനെ വിളിച്ച് ആനന്ദൻ ആഗ്രഹം പറഞ്ഞു. അച്ചന്റെ ഉപദേശം മാനിച്ച് ഇന്ദു അഭിഷേകിനെ വിവാഹം കഴിച്ചു. സ്കൂളിന്റെ മാനേജരായി ഇന്ദു ചുമതലയേറ്റു. (തുടർന്നു വായിക്കുക)

**വി**ദ്യാധരൻ മെമ്മോറിയൽ സ്കൂളിന്റെ ഗേറ്റുകടന്ന് കാർ കോമ്പൗണ്ടിലേക്കു പ്രവേശിച്ചപ്പോൾ ഇന്ദുവിന് അഭിമാനം തോന്നി. മുമ്പ് കണ്ണീരോടെ പടിയിറങ്ങിയ സ്കൂളിലേക്ക് അതിന്റെ ഉടമയായി, സ്വന്തം കാറിൽ തനിയെ ഡ്രൈവു ചെയ്തു തിരിച്ചെത്തുന്നു. ഒരു ജോലിക്കുവേണ്ടി ആരുടെയൊക്കെ കാലുപിടിച്ചിട്ടാണ് ഇവിടെ കയറിപ്പറ്റിയത്. പിരിച്ചുവിട്ടപ്പോൾ ജീവിതം അവസാനിപ്പിച്ചാലോ എന്നുപോലും ചിന്തിച്ചതാണ്. ഒടുവിൽ കറങ്ങിത്തിരിഞ്ഞ് വീണ്ടും ഇവിടെയെത്തി.

ഹെഡ്മിസ്ട്രസിന്റെ റൂമിന്റെ മുമ്പിൽ കാർ നിറുത്തിയിട്ട് ഇന്ദു ഇറങ്ങി സാവധാനം റൂമിലേക്കു നടന്നു. ഇന്ദുവിനെ കണ്ടതും ഹെഡ്മിസ്ട്രസ് സുജാത എണീറ്റു ബഹുമാനത്തോടെ കൈകൂപ്പി.

"എങ്ങനുണ്ട് റ്റീച്ചറേ സ്കൂളിന്റെ പ്രവർത്തനങ്ങൾ?"

അഭിമുഖമായി ഇരുന്നിട്ട് ഇന്ദു ചോദിച്ചു.

"നന്നായിട്ടു പോകുന്നു."

"പഴയ റ്റീച്ചേഴ്സ് എല്ലാരുമുണ്ടോ?"

"ഉം."

"എനിക്കെല്ലാവരെയും ഒന്നു കാണണമല്ലോ. എപ്പഴാ സൗകര്യം?"

"മാഡത്തിന്റെ സൗകര്യം പറഞ്ഞാൽ ആ ദിവസം ഞാനൊരു സ്റ്റാഫ് മീറ്റിങ് വിളിക്കാം."

മാഡം എന്ന വിളികേട്ടപ്പോൾ ഇന്ദുവിന് ചിരി വന്നുപോയി. എന്തൊരു സ്നേഹവും ബഹുമാനവും.

"വെള്ളിയാഴ്ച വൈകുന്നേരം ആയിക്കോട്ടെ. എല്ലാ റ്റീച്ചേഴ്സും ഉണ്ടാകണം."

"ഉം." സുജാത തലകുലുക്കി.

കുറച്ചുനേരം സംസാരിച്ചിരുന്നിട്ട് ഇന്ദു പോകാനായി എണീറ്റു. വരാന്തയിലേക്കിറങ്ങിയപ്പോൾ അവിചാരിതമായി സ്നേഹലതയെയും സതിയെയും കണ്ടു. സ്നേഹലത ഒരു വളിച്ച ചിരി ചിരിച്ചെങ്കിലും ഇന്ദു മൈൻഡ് ചെയ്യാതെ മുറ്റത്തേക്കിറങ്ങി വേഗം കാറിൽ കയറി ഡോർ വലിച്ചടച്ചു. കാർ ഗേറ്റു കടന്നു റോഡിലേക്കിറങ്ങി.

അന്നു വൈകുന്നേരം അഞ്ചുമണിയായപ്പോൾ ആനന്ദന്റെ വീട്ടുപടിക്കൽ ഒരു ഓട്ടോ വന്നുനിന്നു. ഓട്ടോയിൽനിന്നിറങ്ങിയത് സ്നേഹലതയും സതിയുമായിരുന്നു. അവർ ഗേറ്റ് കടന്ന് മുറ്റത്തേക്കു കയറി.

ഡോർബെല്ലിൽ വിരലമർത്തി കാത്തുനിന്നപ്പോൾ വാതിൽ തുറന്നത് ശ്രീദേവി.

"ഇന്ദുമാഡത്തിനെ കാണാൻ വന്നതാ."

ശ്രീദേവി രണ്ടുപേരെയും അകത്തു ക്ഷണിച്ചിരുത്തിയിട്ട് സ്റ്റെയർകേസ് കയറി മുകളിലേക്കു പോയി. അല്പനേരം കഴിഞ്ഞപ്പോൾ പടികളിറങ്ങി ഇന്ദു സ്വീകരണമുറിയിലേക്കു വന്നു. സ്നേഹലതയും ഇന്ദുവും എണീറ്റു ഭവ്യതയോടെ കൈകൂപ്പി. ഇന്ദുവിന്റെ മുഖം ഗൗരവപൂർണമായിരുന്നു.

"ഇരിക്ക്."

സെറ്റിയിലേക്കു കൈചൂണ്ടിയിട്ട് ഇന്ദു അഭിമുഖമായി ഇരുന്നു. എന്തിനാണു വന്നതെന്ന ചോദ്യഭാവത്തിൽ ഇന്ദു നോക്കി.

"മാഡം എന്നോടു ക്ഷമിക്കണം."

സ്നേഹലത കൈകൂപ്പി അപേക്ഷിച്ചു.

"എന്തിന്?"

"ഞാൻ ഒരുപാടു വേദനിപ്പിച്ചു മാഡത്തിനെ. സത്യം പറഞ്ഞാൽ പിന്നീട് എനിക്കതിൽ കുറ്റബോധം തോന്നിയിരുന്നു. ക്ഷമ പറയാൻ മാഡത്തിന്റെ നമ്പരിൽ വിളിച്ചെങ്കിലും കിട്ടിയില്ല. കഴിഞ്ഞതെല്ലാം പൊറുക്കണം മാഡം. തെറ്റുപറ്റിപ്പോയി."

തെല്ലുനേരം സ്നേഹലതയുടെ കണ്ണുകളിലേക്കുതന്നെ സൂക്ഷിച്ചുനോക്കി ഇരുന്നു ഇന്ദു. ആ നോട്ടത്തിന്റെ തീജ്ജ്വാലയിൽ പൊള്ളിനീറുകയായിരുന്നു സ്നേഹലത.

"എന്നുമുതലാ ഈ പശ്ചാത്താപം തോന്നിയത്? ഞാനീ സ്കൂളിന്റെ മാനേജരായി വന്നപ്പം മുതൽ അല്ലേ? എന്റെ മുമ്പിൽ വന്നിങ്ങനെ കൈകൂപ്പി നിൽക്കേണ്ടിവരുമെന്ന് സ്വപ്നത്തിൽപ്പോലും വിചാരിച്ചില്ല അല്ലേ?"

ഇന്ദുവിന്റെ വാക്കുകൾ ആണിപോലെ ഹൃദയത്തിൽ തറയ്ക്കുന്നതവൾ അറിഞ്ഞു. സ്നേഹലത വല്ലാതെ വിവശയായി.

"നിങ്ങളെപ്പോലെ മജ്ജയും മാംസവും വികാരവും വിചാരവുമുള്ള ഒരു സ്ത്രീയാണ് ഞാനുമെന്ന് നിങ്ങൾക്കെന്തുകൊണ്ട് ചിന്തിക്കാൻ സാധിച്ചില്ല?"

സ്നേഹലതയുടെ മുഖം കുനിഞ്ഞുപോയി.

"നിങ്ങൾക്കറിയാമോ, ഒരു മനുഷ്യായുസ്സു മുഴുവൻ അനുഭവിക്കുന്നതിനേക്കാൾ കൂടുതൽ വേദനയും വിഷമവും ഒരു വർഷംകൊണ്ടു ഞാനനുഭവിച്ചു. ഇതിനിടയിൽ എനിക്കു നഷ്ടപ്പെട്ടത് എന്റെ അച്ഛനും അമ്മയുമാണ്. അമ്മയുടെ മൃതദേഹം കാണാൻപോലുമുള്ള യോഗമുണ്ടായില്ല." ഇന്ദുവിന്റെ ശബ്ദം ഇടറി. "സ്കൂളിൽ ഒരു ജോലി സംഘടിപ്പിക്കാൻ എന്റച്ഛൻ പെട്ടപാട് നിങ്ങൾക്കാർക്കും അറിയില്ല. ജോലി കിട്ടിയപ്പോൾ ഒത്തിരി സന്തോഷിച്ചതാണ് ഞാൻ. കുടുംബം രക്ഷപ്പെട്ടെന്ന് ആശ്വസിച്ചതുമാണ്. ആറുമാസത്തെ ആയുസ്സുപോലുമുണ്ടായില്ല ആ സന്തോഷത്തിന്."

ഇന്ദു ക്രുദ്ധയായി സ്നേഹലതയെ നോക്കി.

"എന്നെ പിരിച്ചുവിടാൻ വേണ്ടി ആനന്ദൻസാറിന്റെ ചെവിയിൽ എന്തുമാത്രം കള്ളക്കഥകൾ ഓതി നിങ്ങൾ! ഞാനും അഭിഷേകും തമ്മിൽ പ്രണയമാണെന്നു കഥകൾ മെനഞ്ഞ് ആനന്ദൻസാറിന്റെ മനസ്സിൽ വിഷം കുത്തിവച്ചപ്പോൾ നിങ്ങൾക്ക് ഒരുപാടു സന്തോഷം കിട്ടിയില്ലേ? കല്യാണം നിശ്ചയിച്ചുകഴിഞ്ഞും ആനന്ദൻസാറിനെ ഫോണിൽ വിളിച്ചു കുത്തിത്തിരുപ്പുണ്ടാക്കാൻ നോക്കിയില്ലേ? എല്ലാ വഴികളും അടഞ്ഞപ്പഴല്ലേ ഇപ്പം ക്ഷമാപണവുമായി വന്നത്."

സ്നേഹലതയ്ക്കു തൊണ്ട വരളുന്നതുപോലെ തോന്നി.

"കുട്ടികളെ നല്ലവഴിക്കു നയിക്കാൻ പഠിക്കേണ്ട ഒരധ്യാപികയ്ക്കു ചേർന്ന പ്രവൃത്തിയായിരുന്നോ റ്റീച്ചർ ചെയ്തത്? ആലോചിച്ചുനോക്ക്. ആനന്ദൻസാറിനെ വഴി തെറ്റിച്ചതിൽ നിങ്ങൾക്കുമില്ലേ ഒരു നല്ല പങ്ക്?"

സ്നേഹലതയ്ക്ക് ഉത്തരമുണ്ടായില്ല.

"മരിച്ചാലോ എന്നു പലവട്ടം ഞാൻ ചിന്തിച്ചതാ. പക്ഷേ, ദൈവം എന്നെ അതിനനുവദിച്ചില്ല. ഒരുപക്ഷേ, ദൈവം മുൻകൂട്ടി നിശ്ചയിച്ചിരുന്നിരിക്കാം നിങ്ങളെ ഒരുനാൾ എന്റെ മുമ്പിൽ കൊണ്ടുവന്ന് ഇങ്ങനെ കൈകൂപ്പി ഇരുത്തണമെന്ന്."

"തെറ്റുപറ്റിയെന്നു ഞാൻ സമ്മതിച്ചല്ലോ മാഡം. പിന്നെയും ഇങ്ങനെ...! ഞാൻ എന്തു പ്രായശ്ചിത്തമാ ചെയ്യേണ്ടതെന്നു മാഡം പറഞ്ഞോളൂ. ഞാൻ ചെയ്യാം."

"പ്രായശ്ചിത്തം ചെയ്താൽ തീരുന്നതാണോ എനിക്കുണ്ടായ കഷ്ടങ്ങളും നഷ്ടങ്ങളും? മരിച്ചുപോയ എന്റെ അച്ഛനേം അമ്മയേം റ്റീച്ചർക്കു തിരിച്ചുകൊണ്ടുവരാൻ പറ്റ്വോ?"

സ്നേഹലതയ്ക്കു മറുപടി ഉണ്ടായില്ല.

"ദയവു ചെയ്ത് നിങ്ങളിവിടുന്നൊന്നു പോയിത്തന്നാൽ മതി. അതിൽ കൂടുതൽ പ്രായശ്ചിത്തമോ പരിഹാരമോ ഒന്നും വേണ്ട."

കൂടുതലൊന്നും പറയാതെ ഇന്ദു എണീറ്റു തിരിഞ്ഞു പടികൾ കയറി മുകളിലേക്കു പോയി. ഇനി ഇവിടെയിരുന്നിട്ട് പ്രയോജനമില്ലെന്നു കണ്ടപ്പോൾ സ്നേഹലതയും സതിയും എണീറ്റു. മുറ്റത്തേക്കു കാലെടുത്തുവച്ചതും സ്നേഹലത കൂട്ടുകാരിയോടു പറഞ്ഞു:

"അവളു വല്യ ചൂടിലാണല്ലോ. പണക്കാരിയായതിന്റെ ഹുങ്കാ. എന്തായാലും എന്നെ പിരിച്ചുവിടാനൊന്നും പറ്റില്ലല്ലോ."

"അതിപ്പം എന്തെങ്കിലും ഒരു കള്ളക്കേസുണ്ടായി പിരിച്ചുവിട്ടാലോ. സൂക്ഷിക്കണം റ്റീച്ചറേ."

സതിറ്റീച്ചർ മുന്നറിയിപ്പു നൽകി.

സ്നേഹലതയുടെ ഉള്ളിൽ അറിയാതെ ഒരു ഭയം കൂടുകൂട്ടി.

സ്റ്റേർകേസ് കയറി ഇന്ദുലേഖ മുറിയിലേക്കു കയറിച്ചെല്ലുമ്പോൾ വാട്ട്സ്ആപ്പ് നോക്കിക്കൊണ്ട് അഭിഷേക് കട്ടിലിൽ കിടപ്പുണ്ടായിരുന്നു.

"ആരായിരുന്നു?" അഭിഷേക് ചോദിച്ചു.

"സ്നേഹലതയും സതിയും."

"എന്തേ?"

"ക്ഷമ ചോദിക്കാൻ വന്നതാ; പണ്ടു ചെയ്ത തെറ്റുകൾക്ക്."

"എന്തു പറഞ്ഞുവിട്ടു?"

"എനിക്കൊന്നും കേൾക്കണ്ടാന്നു പറഞ്ഞു."

"അതുമോശമായിപ്പോയി. ആയുധം വച്ചു കീഴടങ്ങുന്ന ശത്രുവിനോട് പിന്നെ പക കാണിക്കാൻ പാടില്ല."

"ഞാൻ ഒരുപാട് ദേഷ്യപ്പെട്ടൊന്നുമില്ല. മനസ്സിലുള്ള വിഷമങ്ങളൊക്കെ തുറന്നുപറഞ്ഞിട്ട് പൊയ്ക്കൊള്ളാൻ പറഞ്ഞു."

"ഇനി പിണക്കമൊന്നും കാണിക്കണ്ടാന്നേ. എല്ലാവരുമായിട്ട് സൗഹൃദത്തിൽ പോകാൻ നോക്ക്. നീ ഇനി റ്റീച്ചറല്ല, സ്കൂളിന്റെ മാനേജരാണന്ന ഓർമ വേണം."

"എനിക്കു പിണക്കമൊന്നുമില്ല അഭിയേട്ടാ."

ഇന്ദുലേഖ കട്ടിലിലേക്കു ചാഞ്ഞ് കൈചുറ്റി ഭർത്താവിനെ ചേർത്തുപിടിച്ചു.

* * * *

വെള്ളിയാഴ്ച.



ശേഷം 14-ാം പേജിൽ

# റോൾമോഡൽ ഇല്ലാതെ കായികകേരളം



സനിൽ പി. തോമസ്



**ബാ**ഡ്മിന്റനിൽ ലക്ഷ്യ സെൻ, അത്‌ലറ്റിക്സിൽ ഷൈലി സിങ്, സ്ക്വാഷിൽ അനഹത് സിങ്, ഷൂട്ടിങ്ങിൽ റിതം സാങ്വാൻ തുടങ്ങി വിവിധ കായിക ഇനങ്ങളിൽ ഒട്ടേറെ കൗമാര, യുവതാരങ്ങൾ ഇന്ത്യയുടെ ഭാവി പ്രതീക്ഷയായി ഉയർന്നുവരുന്നു. എന്നാൽ, ഇതിലൊരു മലയാളി താരമില്ല. ഇതിനകം മികവു തെളിയിച്ച ഏതാനും യുവതാരങ്ങൾ പ്രതീക്ഷ നിലനിർത്തുന്നു എന്നതുമാത്രമാണ് കേരളത്തിന് ആശ്വാസം.

ഇത്തവണ സംസ്ഥാനത്തെ മികച്ച കായികതാരങ്ങൾക്കുള്ള ജി.വി. രാജാ അവാർഡ് നേടിയത് അത്‌ലറ്റ് എം. ശ്രീശങ്കറും ബാഡ്മിന്റൻ താരം അപർണ ബാലനുമാണ്. ശ്രീശങ്കർ കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസിൽ ലോങ് ജമ്പിൽ വെള്ളി നേടി. ഇപ്പോഴും രാജ്യാന്തര മെഡൽ സാധ്യത നിലനിർത്തുന്നു. അപർണ ബാലനു സമീപകാലത്തൊന്നും എടുത്തുപറയത്തക്ക നേട്ടം ഇല്ല. മുൻകാലപ്രകടനമാണു വിലയിരുത്തിയതെന്നു പറയാം. അപ്പോൾ ഒരു കാര്യം സമ്മതിക്കണം. ഇപ്പോഴും സജീവമായൊരു വനിതാതാരം എതിരാളിയായി വന്നിട്ടില്ല. കായികകേരളം പിന്നാക്കം പോകുന്നോയെന്നു സംശയിക്കണം.

ബാഡ്മിന്റനിൽ എച്ച്.എസ്. പ്രണോയ് ലോകറാങ്കിങ്ങിൽ ആദ്യ പത്തിൽ ഉണ്ട്. ട്രീസാ ജോളി ഡബിൾസിൽ ഗായത്രി ഗോപീചന്ദുമൊത്ത് മികവു കാട്ടുന്നു. ക്രിക്കറ്റിൽ സഞ്ജു സാംസന് വർഷങ്ങൾ ബാക്കിയുണ്ട്. ഹോക്കിയിൽ ശ്രീജേഷിന് ഏതാനും വർഷംകൂടി ഫോം നിലനിർത്താൻ സാധിച്ചാൽ ഭാഗ്യം. അത്‌ലറ്റിക്സിൽ സ്ഥിരതയില്ലാത്ത അവസ്ഥയാണ്. പുരുഷവിഭാഗത്തിൽ കുറച്ചു കാലംകൂടി ഇപ്പോഴത്തെ ഒന്നാം നിരതാരങ്ങൾ സജീവമായുണ്ടാകുമെന്ന് ആശ്വസിക്കാം. ഒരു കാലത്ത് ട്രാക്ക് ആൻഡ് ഫീൽഡിൽ അക്ഷയഖനിയായിരുന്നു കേരളം എന്നോർക്കണം.

ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ തുടങ്ങിയ ഇനങ്ങളിൽ മലയാളിതാരങ്ങൾ ഇന്ത്യൻടീമിൽ സ്ഥിരം സാന്നിധ്യമാണ്. പക്ഷേ, രാജ്യാന്തരതലത്തിൽ ഈ ഇനങ്ങളിൽ ഇന്ത്യയ്ക്കു സാധ്യതയില്ല. റോൾമോഡലുകളുടെ അസാന്നിധ്യം ഏറെക്കാലമായി കേരളത്തിലെ കായികരംഗത്തു പ്രകടമാണ്. ഇതിഹാസതാരങ്ങൾ പോകട്ടെ, അടുത്ത തലമുറയെ പ്രചോദിപ്പിക്കാൻ പോന്ന താരങ്ങളുടെ എണ്ണവും കുറയുന്നു.

കേരള സ്പോർട്സ് കൗൺസിലിലും കേരളാ ഒളിമ്പിക് അസോസിയേഷനിലും രാഷ്ട്രീയം പിടിമുറുക്കിക്കഴിഞ്ഞു. കൗൺസിലിന്റെ തലപ്പത്ത് കായികതാരങ്ങൾ എന്നു കൊട്ടിഘോഷിക്കാം. പക്ഷേ, തീരുമാനങ്ങളിൽ രാഷ്ട്രീയസ്വാധീനം ഒഴിവാക്കാൻ കഴിയില്ല. പല കായികസംഘടനകളുടെയും കാര്യം പറയാതിരിക്കുകയാണു ഭേദം. സമാന്തരസംഘടനകൾ പ്രശ്നം സൃഷ്ടിക്കുന്നു. വോളിബോളിലും സൈക്കിൾ പോളോയിലും ടേബിൾ ടെന്നീസിലുമൊക്കെ സംഘടനാതലത്തിലെ പ്രശ്നങ്ങൾ താരങ്ങളെ ബാധിക്കുന്നു. ഏത് അസോസിയേഷൻ പറയുന്നതു കേൾക്കണം എന്നറിയാതെ താരങ്ങൾ വിഷമിക്കുന്നു. ദേശീയസംഘടനയുടെ അംഗീകാരമുള്ള സംസ്ഥാന സംഘടനയ്ക്ക് കേരളാ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉണ്ടായെന്നു വരില്ല. ഫലം; താരങ്ങൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടും.

കേണൽ ഗോദവർമരാജാ സ്പോർട്സ് കൗൺസിലും ഒളിമ്പിക് അസോസിയേഷനുമൊക്കെ രൂപീകരിച്ചപ്പോൾ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. 1970 കൾ വരെ ആ നില തുടർന്നു. 1980 കളിലും 90 കളിലും മാത്രമല്ല, ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പോലും പഴയ പാരമ്പര്യത്തിന്റെ തുടർച്ച കായികരംഗത്തു പ്രകടമായിരുന്നു. എന്നാൽ, ഇപ്പോൾ എല്ലാം കൈവിട്ട സ്ഥിതിയാണ്.

റോൾമോഡലിലേക്കു മടങ്ങിവരാം. കഴിഞ്ഞ അരനൂറ്റാണ്ടിലെ കാര്യമെടുക്കാം. അതിനും പിന്നോട്ടുപോകേണ്ട കാര്യമില്ല. 1970 കളിൽ അത്‌ലറ്റിക്സിൽ ടി.സി. യോഹന്നാനും സുരേഷ് ബാബുവും രാജ്യാന്തരനേട്ടങ്ങൾ കൈവരിച്ചു. വോളിബോളിൽ ജിമ്മി ജോർജും ജോസ് ജോർജും കുട്ടിക്കൃഷ്ണനും എസ്. ഗോപിനാഥുമൊക്കെ നാട്ടിലെങ്ങും മുഴങ്ങിക്കേട്ട പേരുകളായിരുന്നു. 1973 ൽ പ്രഥമ സന്തോഷ് ട്രോഫി വിജയമൊരുക്കിയ ക്യാപ്റ്റൻ മണിയും കൂട്ടരും ഓരോ വീട്ടിലും ചർച്ച ചെയ്യപ്പെട്ട പേരുകളായിരുന്നു.

1980 കളിൽ തുടങ്ങി 90 കളുടെ അവസാനംവരെ പി.ടി. ഉഷയും ഷൈനി വിൽസണും എം.ഡി. വത്സമ്മയും മേഴ്സിക്കുട്ടനുമൊക്കെ കായികകേരളത്തിന്റെ ബ്രാൻഡ് അംബാസഡർമാരായി. 1984 ലെ ലൊസാഞ്ചലസ് ഒളിമ്പിക്സിലെയും 86 ലെ സോൾ ഏഷ്യൻ ഗെയിംസിലെയും മികവാർന്ന പ്രകടനത്തിലൂടെ പി.ടി. ഉഷ ഉയർത്തിവിട്ട ആവേശം വലിയൊരു തരംഗമായി മാറി. പിന്നീട് കെ.എം. ബീനാമോളും അഞ്ജു ബോബി ജോർജും എത്തി. ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ താരമായി അഞ്ജു മാറി.

ഫുട്ബോളിൽ ഇന്ത്യ എങ്ങുമെത്തിയില്ലെങ്കിലും ഐ.എം. വിജയനും സി.വി. പാപ്പച്ചനും ജോപോൾ അഞ്ചേരിയും ഷെറഫലിയുമൊക്കെ യുവകേരളത്തിന്റെ ഹരമായി. ബാസ്കറ്റ്ബോളിൽ ഗീതു അന്ന ജോസ് റോൾ മോഡലായി. ബാഡ്മിന്റനിൽ യു. വിമൽകുമാർ തുടക്കമിട്ടത് മാറ്റത്തിന്റെ സൂചനമാത്രമായിരുന്നു. എത്രയെത്ര പേർ വിമലിനു പിന്നാലെ വന്നു.

ബോക്സിങ്ങിൽ കെ.സി. ലേഖയിലൂടെ ലോക ചാമ്പ്യൻ പിറന്നു. അശ്വതിമോൾ വെള്ളി നേടി. അതൊക്കെ ഏതാനും വർഷംമുമ്പ്. ചെസിൽ മൂന്നു ഗ്രാൻഡ് മാസ്റ്റർമാർ കേരളത്തിൽനിന്നു വളർന്നുവന്നു. ചെസിൽ പ്രായം അതിർവരമ്പിടാത്തതിനാൽ എത്രയോ വർഷങ്ങൾ ഗോപാലിനും നാരായണനും നിഹാലിനും ഇനിയും തുടരാം.

ഇതിഹാസതാരങ്ങൾ സ്ഥാപിക്കുന്ന റെക്കോർഡ് എപ്പോഴും ഏറെ അകലെയായിരിക്കും. വർഷങ്ങൾക്കു ശേഷമായിരിക്കും അതു തകർക്കപ്പെടുക. ലോങ്ജംമ്പിൽ ടി.സി. യോഹന്നാന്റെ 8.07 മീറ്റർ നേട്ടവും അഞ്ജു ബോബി ജോർജിന്റെ 6.83 മീറ്ററും ഉദാഹരണം. യോഹന്നാന്റെ റെക്കോർഡ് തിരുത്തപ്പെട്ടു. അഞ്ജുവിന്റെ റെക്കോർഡിന് അടുത്തേക്ക് അഞ്ജുവിന്റെതന്നെ ശിഷ്യ ഷൈലി സിങ് എത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെതന്നെ ഒരു യുവതാരനിര പിന്നാലെയുണ്ട്, ആൻസി സോജനും നയന ജെയിംസുമൊക്കെ.






എന്തുകൊണ്ടാണ് യോഹന്നാനെയോ സുരേഷ് ബാബുവിനെയോ അല്ലെങ്കിൽ ഉഷയെയോപോലെ ഒരു തരംഗം സൃഷ്ടിക്കാൻ ഇപ്പോഴത്തെ താരങ്ങൾക്കു കഴിയാത്തത് എന്ന ചോദ്യം ഏറെ പ്രസക്തമാണ്. യോഹന്നാനും സുരേഷ് ബാബുവിനും സാധ്യമായ നേട്ടം ഏതാണ്ടൊക്കെ ശ്രീശങ്കറും എൽദോസ് പോളും ജിൻസൺ ജോൺസനും (ചാട്ടവും ഓട്ടവും വേർതിരിക്കുന്നില്ല.) ഒക്കെ കൈവരിച്ചു. എന്നാൽ, ലോകനിലവാരം ഏറെ മുന്നിലാണ്. മാത്രമല്ല, നീരജ് ചോപ്രയെയും അഭിനവ് ബിന്ദ്രയെയുമൊക്കെ റോൾ മോഡൽ ആക്കിയ യുവതലമുറയാണ് ഇപ്പോഴത്തേത്.

ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പും ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പും ഏഷ്യൻ ഗെയിംസും ഈ വർഷം നടക്കേണ്ടതുണ്ട്. ലോക ചാമ്പ്യൻഷിപ്പിൽ അഞ്ജുവിനും നീരജിനും ശേഷം ഒരു മെഡൽ നേട്ടം ആർക്കെങ്കിലും സാധ്യമാകുമോ? തീർച്ചയായും അവർ ഒന്നോ രണ്ടോ തലമുറയ്ക്കു പ്രചോദനമാകും. ഏഷ്യൻ തലത്തിലെ സുവർണനേട്ടങ്ങൾക്ക് അത്തരമൊരു ലേബൽ നൽകാൻ കഴിയില്ല. അതായത്, അനിതരസാധാരണമായ പ്രകടനമാണ് ഇതിഹാസങ്ങളെ സൃഷ്ടിക്കുക. അത്ര എളുപ്പമല്ല. അങ്ങനെ സാധ്യതയുള്ളൊരു താരത്തെ കേരളത്തിൽനിന്ന് ഉയർത്തിക്കാട്ടാൻ കഴിയുന്നില്ല. അതാണു പ്രശ്നം. ■

**മിനിക്കഥ** **ഉണ്ണി വാരിയത്ത്**

## പൊയ്മുഖങ്ങൾ

കാണുന്നവരോടെല്ലാം അയാൾ ചോദിക്കാറുണ്ട്:
'ഇതു നിങ്ങളുടെ സ്വന്തം മുഖമാണോ?'

കേട്ടാൽ ആർക്കും ദേഷ്യം വരും. ചിലർ ചീത്ത വിളിക്കും. മറ്റുചിലർ തൃണവത്ഗണിക്കും. വേറെ ചിലർ അയാളെ ഭ്രാന്തനെന്നു വിളിക്കും.

പക്ഷേ, അയാളുടെ ചോദ്യം തെറ്റല്ല. സന്ദർഭം നോക്കി മാറിമാറി പൊയ്മുഖങ്ങൾ അണിയുന്നവരാണല്ലോ ഏറെയും.

അവസാനം, അവർതന്നെ അവർക്ക് അപരിചിതരായി മാറാതിരുന്നാൽ ഭാഗ്യം!

Deepanalam Weekly

RNI No : 16998/68
Vol. 56 No. 13 Date of Publication 25 May 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.